



വായനാമുറി

എൻ.എം ഹുസൈൻ


# പിതൃത്വത്തിന്റെ രാഷ്ട്രീയം




**പാശ്ചാത്യ നേതാക്കൾ കുടുംബത്തെ നശിപ്പിച്ചു എന്നു മാത്രമല്ല, ഭാഷയിൽനിന്ന് മാതാവ്, പിതാവ്, അഛൻ, അമ്മ എന്നിത്യാദി പദങ്ങൾ പോലും ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നു. മനുഷ്യരാശി ഇക്കാലമത്രയും ആദരിച്ചുവന്ന സംസ്കാരത്തിനും മൂല്യങ്ങൾക്കുമെതിരായ പാശ്ചാത്യ നേതാക്കളുടെ ഈ കിരാതയുദ്ധങ്ങൾക്ക് മൗനാനുവാദം നൽകുന്ന അന്നാട്ടിലെ ജനങ്ങളും ഈ കുറ്റകൃത്യങ്ങളിൽ പങ്കാളികളാണെന്നത് ആർക്കെങ്കിലും നിഷേധിക്കാനാവുമോ? ഇതാണ് യഥാർഥത്തിൽ ഇന്ന് നടക്കുന്ന നാഗരിക സംഘർഷം.**

**ഏതാനും** വർഷം മുമ്പ് അമേരിക്കയിൽ ഇറങ്ങിയ ചില കൃതികളുടെ പേരുകൾ, 'പിതാക്കളില്ലാത്ത അമേരിക്ക' (Fatherless America), 'പിതൃത്വത്തിന്റെ രാഷ്ട്രീയം' (The Politics of Fatherhood) എന്നിങ്ങനെയായിരുന്നു. കക്ഷിരാഷ്ട്രീയം മാത്രം അറിയാവുന്ന നമുക്ക് ഇതിലൊക്കെ അത്ഭുതം തോന്നിയേക്കാം. എന്നാൽ അമേരിക്കയിലെ പുതിയ തലമുറ അനുഭവിക്കുന്ന ഏറ്റവും വലിയ സാമൂഹിക പ്രശ്നങ്ങളിലൊന്ന് പിതാക്കളില്ലാത്ത മക്കളാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

240 ലക്ഷം കുട്ടികൾ അമേരിക്കയിൽ പിതാവില്ലാതെ വീടുകളിൽ കഴിയുന്നു. താരതമ്യേന ഒന്നും രണ്ടും കുട്ടികൾ മാത്രമുള്ള അണുകുടുംബങ്ങൾ വൻതോതിലുള്ള സമൂഹത്തിൽ ഇതെത്ര വലിയ സാമൂഹിക പ്രശ്നമാവുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. മൊത്തം കുടുംബങ്ങളിൽ ഏകദേശം 34 ശതമാനം വരുമിത്. ആഫ്രോ-അമേരിക്കൻ കുടുംബങ്ങളിൽ നിരക്ക് ഇതിലും ഏറും. ഏകദേശം 66 ശതമാനം. പിതാക്കളില്ലാത്ത കുട്ടികളുടെ ഈ വൻസമൂഹത്തിലേക്ക് ഓരോ വർഷവും 25 ലക്ഷം കുട്ടികൾ വന്നുചേരുന്നു. എക്കാലത്തും ഔദ്യോഗിക കണക്കുകൾ പ്രശ്നത്തിന്റെ കാഠിന്യം ലഘൂകരിച്ച് കാണിക്കാനേ ശ്രമിച്ചിട്ടുള്ളൂ എന്ന യാഥാർഥ്യം കൂടി കണക്കിലെടുത്താൽ, പാട്രിക് ഹെൻറി കോളേജിലെ പ്രഫസറായ സ്റ്റീഫൻ ഭാസ്കർവില്ലെ കുറിച്ച ഈ വാചകത്തിന്റ ഗൗരവം ആർക്കും ഉൾക്കൊള്ളാനാവും. "കുടുംബത്തകർച്ച ഏറക്കുറെ എല്ലാ അമേരിക്കക്കാരനെയും ഇപ്പോൾ ബാധിക്കുന്നു." ഈയിടെ പ്രസിദ്ധീകരിച്ച *ടേയ്ക്കൺ ഇൻറ്റു കസ്റ്റഡി* (Taken Into Custody: The war Against Fathers, Marriage and the Family) എന്ന കൃതിയിലാണ് മേൽ സൂചിപ്പിച്ച കണക്കുകളും വാചകവും നമുക്ക് കാണാനാവുന്നത്.

പല കാരണങ്ങളാൽ ഇതുണ്ടാകാം. ഭാര്യ ഭർത്താവിനെ വിവാഹമോചനം ചെയ്യുക, ഭർത്താവ് ഭാര്യയെ ഒഴിവാക്കുക, രണ്ടു പേരും പരസ്പര സമ്മതപ്രകാരം പിരിയുക, അവിഹിതബന്ധത്തിൽ കുട്ടികൾ ജനിക്കുക തുടങ്ങി പലതുകൊണ്ടും.

ഇവയുടെ ന്യായാന്യായങ്ങൾക്കപ്പുറത്ത് കുടുംബം എന്ന സങ്കൽപത്തെ തന്നെ കൈയൊഴിച്ചാൽ വന്നുകൂടാവുന്ന ഭവിഷ്യത്തുകളാണ് പാശ്ചാത്യ സമൂഹം ഇന്ന് അനുഭവിക്കുന്നത്. ശാസ്ത്ര സാങ്കേതികവിദ്യയുടെ വളർച്ച അത് സൃഷ്ടിച്ചവരുടെ സേവനത്തിന് വേണ്ടിയായിരുന്നു. കുടുംബത്തിൽ വിശ്വാസം നഷ്ടപ്പെട്ടവരുടെ സ്വപ്നങ്ങൾ സഫലമാക്കാൻ ജനിതക എഞ്ചിനീയറിംഗ് വരെ പ്രതീക്ഷ നൽകുന്ന കാലമാണിത്. പിതാവില്ലാതെ മക്കളെ വേണമെന്ന് നിർബന്ധമുള്ള സ്ത്രീകൾക്ക് സാങ്കേതികപുരോഗതി സഹായകമായി. പുരുഷന്മാരുടെ ബീജങ്ങൾ ശേഖരിക്കുകയും സൂക്ഷിച്ചുവെക്കുകയും വിൽപന നടത്തുകയും ചെയ്യുന്ന ജീൻബാങ്കുകൾ മുളപൊട്ടി. ഇവ വാങ്ങി ഗർഭപാത്രത്തിൽ ഫെർട്ടിലൈസേഷൻ നടത്തിക്കൊടുക്കുന്ന ഡോക്ടർമാരും രംഗത്തെത്തി. ഗർഭധാരണത്തിലും അതിന്റെ പൊല്ലാപ്പുകളിലും വിശ്വാസമില്ലാത്തവർക്കും കുട്ടികളെ ലഭിക്കാൻ വഴിയുണ്ടായി. വാടകക്ക് ഗർഭപാത്രം നൽകുന്ന സ്ത്രീ

കൾ ലഭ്യമായി. വികസിതനാടുകളിൽ സാധാരണത്വം നേടിയ ഇത്തരം സംഭവങ്ങൾ ഈയിടെ കേരളത്തിലും വാർത്തയായല്ലോ. പാശ്ചാത്യ സംസ്കാരം മഹത്തായതാണ് എന്ന മൂഢധാരണയിലും അതിനെ പ്രോത്സാഹിപ്പിക്കുന്നത് ലാഭകരമാണ് എന്നതിനാലും നമ്മുടെ നാട്ടിലെ 'വനിതാ' പ്രസിദ്ധീകരണങ്ങളിൽ വൻ പരസ്യങ്ങൾതന്നെ വന്നുകൂടായ്കയില്ല. ഒരു ലക്ഷം രൂപ നിക്ഷേപിച്ചാൽ ഒരു വർഷം കൊണ്ട് പത്തുലക്ഷമാക്കാമെന്ന വ്യാമോഹങ്ങൾ പരസ്യവാചകമാക്കി ജനവഞ്ചന നടത്തുന്നത് മാധ്യമപ്രവർത്തനത്തിന്റെ ഭാഗമായി കരുതുന്ന പത്രമുതലാളിമാരുടെ നാടാണല്ലോ നമ്മുടേത്.

'കല്യാണം കഴിക്കാതെയും ഗർഭം ധരിക്കാതെയും അമ്മമാരാകാം' എന്നത് അവരെ സംബന്ധിച്ചേടത്തോളം എത്ര ആവേശകരമായ പരസ്യമായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഇത്തരം 'ഇൻസ്റ്റന്റ് അമ്മ'മാരുടെ വീരചരിതങ്ങൾ പരമ്പരയാക്കാനും ആഴ്ചതോറും ഫീച്ചറുകളാക്കാനും മടിക്കാത്ത മുത്തശ്ശിപ്പത്രങ്ങൾ അത്രയൊന്നും നഗ്നമായി രംഗത്തു വരാത്തത് പൗരസ്ത്യമൂല്യങ്ങളുടെ സ്വാധീനം കൊണ്ടാകാം.

ഇതിന്റെ മറുപുറമാണ് അണ്ഡവിൽപന. കല്യാണം കഴിക്കാതെ ഒരാൾക്ക് മക്കളെ തരപ്പെടുത്താൻ ആധുനികശാസ്ത്രം കനിഞ്ഞരുളിയ വരദാനം. സ്ത്രീകളുടെ അണ്ഡങ്ങൾ ശേഖരിച്ച് വിൽപന നടത്തുന്ന ബീജബാങ്കുകളിൽ നിന്നും അണ്ഡം വാങ്ങി വാടകഗർഭധാരണത്തിന് സന്നദ്ധയായ സ്ത്രീയിൽ നിക്ഷേപിച്ചാൽ കുഞ്ഞുണ്ടാകാം. ഇത്തരം 'ഇൻസ്റ്റന്റ് കുഞ്ഞു'ങ്ങളെ ആഗ്രഹിക്കുന്നവരുടെ കൈകളിൽ കുഞ്ഞുങ്ങളുടെ ഭാവി എത്രത്തോളം സുരക്ഷിതമായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഏതായാലും കുടുംബം എന്ന ചിരപുരാതന വ്യവസ്ഥ മാത്രമല്ല മാതാവ്, പിതാവ് എന്നിത്യാദി പദപ്രയോഗങ്ങൾ പോലും അപ്രത്യക്ഷമാവാൻ തുടങ്ങിയിട്ടുണ്ട്.

ലെസ്ബിയൻ (പെണ്ണും പെണ്ണും), ഗേ (ആണും ആണും) വിവാഹങ്ങൾ പല പാശ്ചാത്യ രാഷ്ട്രങ്ങളിലും നിയമപരമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ അത്തരം നിയമം നിർമിക്കാനുള്ള ആലോചനകൾ നടക്കുന്നു. സ്വന്തമായി ഇത്തരം കാര്യങ്ങൾ ആലോചിക്കുന്നു എന്നു പറയാനാവില്ല. പടിഞ്ഞാറ് നടക്കുന്നതെല്ലാം കഴിയാവുന്നത്ര പകർത്തുക എന്നതാണ് വിദ്യാസമ്പന്നരിൽ ഒരു വി

**കുടുംബം തകർക്കാൻ സംഘടനകൾ രൂപീകരിക്കപ്പെട്ട അമേരിക്കയിൽ ഇതേ നൂറ്റാണ്ടിന്റെ അവസാനത്തോടെ കുടുംബത്തെ പുനഃസ്ഥാപിക്കാൻ സംഘടനകൾ രൂപീകൃതമാവുന്നത് കാണാനായി. കുടുംബത്തിന്റെ കാര്യത്തിൽ മാത്രമല്ല എല്ലാ മേഖലകളിലും ഇതായിരുന്നു പാശ്ചാത്യ സമ്പ്രദായം. സർവ മേഖലയിലും ഇക്കാലമത്രയും അവർ അനുവർത്തിച്ച മനുഷ്യ-ദൈവ-മത-പ്രകൃതിവിരുദ്ധ ചെയ്തികൾക്ക് പരിഹാരം തേടിയുള്ള നെട്ടോട്ടത്തിലാണ് അവരിപ്പോൾ.**

ഭാഗത്തിന്റെ ലക്ഷ്യംതന്നെ. രാഷ്ട്ര നേതാക്കളിലൊരു വിഭാഗത്തെ സംബന്ധിച്ചേടത്തോളം വായ്പതരുന്ന വിദേശ ഏജൻസികൾ പറയുന്നതെന്തും അനുസരിക്കാൻ തയാറാണ്. മേൽ സൂചിപ്പിച്ചതരം നിയമനിർമാണം നടത്തിയാലേ ലൈംഗിക വിദ്യാഭ്യാസത്തിനും എയ്ഡ്സ് പ്രതിരോധത്തിനുമുള്ള ഫണ്ട് അനുവദിക്കൂ എന്ന് ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് ഉപാധിവെച്ചാൽ ഏതു നിമിഷവും സമ്മതിക്കാൻ തയാറായി നടക്കുന്ന നേതാക്കളാണ് നമുക്കുള്ളത്. അതിനാൽ ഏതു സന്ദർഭത്തിലും ഇത്തരം നിയമങ്ങൾ ഇവിടെയും പാസ്സാക്കിയേക്കാം. ഈയിടെ സ്പെയിനിൽ സ്വവർഗ വിവാഹനിയമം പാസ്സാക്കുകയുണ്ടായി. അതിനുശേഷം മാതാവ്, പിതാവ് എന്നീ വാക്കുകൾ അപേക്ഷാ ഫോമുകളിൽ നിന്നും അപ്രത്യക്ഷമായി. പകരം മറ്റു രണ്ടു പദങ്ങൾ തൽസ്ഥാനത്ത് വന്നു-ജനയിതാവ് എ, ജനയിതാവ് ബി എന്നിങ്ങനെ. പാശ്ചാത്യ നേതാക്കൾ കുടുംബത്തെ നശിപ്പിച്ചു എന്നു മാത്രമല്ല, ഭാഷയിൽനിന്ന് മാതാവ്, പിതാവ്, അഛൻ, അമ്മ എന്നിത്യാദി പദങ്ങൾ പോലും ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നു. മനുഷ്യരാശി ഇക്കാലമത്രയും ആദരിച്ചുവന്ന സംസ്കാരത്തിനും മൂല്യങ്ങൾക്കുമെതിരായ പാശ്ചാത്യ നേതാക്കളുടെ ഈ കിരാതയുദ്ധങ്ങൾക്ക് മൗനാനുവാദം നൽകുന്ന അന്നാട്ടിലെ ജനങ്ങളും ഈ കുറ്റകൃത്യങ്ങളിൽ പങ്കാളികളാണെന്നത് ആർക്കെങ്കിലും നിഷേധിക്കാനാവുമോ? ഇതാണ് യഥാർഥത്തിൽ ഇന്ന് നടക്കുന്ന നാഗരിക സംഘർഷം.

മനുഷ്യരാശി ഇതുവരെയും ആദരിച്ചു പാലിച്ചുവന്ന സാംസ്കാരിക ധാരകൾക്കെതിരായി പാശ്ചാത്യനേതാക്കൾ യുദ്ധം ചെയ്തുകൊണ്ടിരിക്കുകയാണ്. പാശ്ചാത്യലോകത്തും പൗരസ്ത്യലോകത്തും അവർ നശീകരണം അഴിച്ചുവിടുന്നു. പാശ്ചാത്യ നാടുകളിൽ സർക്കാർ നേരിട്ട് ഇത്തരം ഹീനകൃത്യങ്ങൾ നടത്തുന്നുവെങ്കിൽ പൗരസ്ത്യനാടുകളിൽ ഇതേ കാര്യങ്ങൾ ചെയ്യാൻ ഐക്യരാഷ്ട്രസഭയെയും ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിനെയും ചുമതലപ്പെടുത്തിയിരിക്കുകയാണ്. റോക്ക് ഫെല്ലർ ഫൗണ്ടേഷൻ പോലുള്ള ബഹുരാഷ്ട്രക്കമ്പനികളുടെ ഫണ്ടുദാതാക്കൾ മുതൽ അമേരിക്കൻ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള യു. എസ് എയ്ഡ് വരെ ഒളിഞ്ഞും തെളിഞ്ഞും ഇതേ കാര്യങ്ങൾക്ക് രംഗത്തുണ്ട്. ഇതാണ് ആഗോളതലത്തിൽ ഇന്ന് നടക്കുന്ന യഥാർഥ നാഗരികയുദ്ധം. അത് ദശകങ്ങൾക്ക് മുമ്പേ പാശ്ചാത്യനേതാക്കളാൽ പ്രഖ്യാപിക്കപ്പെട്ടതാണ്. അവർ തന്നെയാണ് ഇന്നത് തുടരുന്നതും. സംസ്കാരങ്ങൾക്കെതിരായ ഈ യഥാർഥ യുദ്ധം മറച്ചുപിടിക്കാനുള്ള തന്ത്രം മാത്രമാണ് ഭീകരതാവിരുദ്ധയുദ്ധം.

1960കൾ മുതലേ കുടുംബചരിത്രത കണ്ടുതുടങ്ങിയെങ്കിലും മാധ്യമങ്ങളോ നേതൃത്വമോ അക്കാദമിക പണ്ഡിതന്മാരോ അർഹമായ പ്രാധാന്യത്തോടെ ഇത് ശ്രദ്ധിക്കുകയുണ്ടായില്ല. മുൻ അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ലിന്റന് തന്റെ സഹജോലിക്കാരി ലെവിൻസ്കിയുമായുള്ള അവിഹിത ബന്ധം വാർത്തയായ സന്ദർഭം ഓർക്കുക. ലെവിൻസ്കിയുടെ അടിവസ്ത്രത്തെപ്പറ്റിപ്പോലും അന്വേഷണാത്മക റിപ്പോർട്ടുകൾ തുരുതുരാ തയാറാക്കിയ അമേരിക്കൻ പത്രപ്രവർത്തകർ അവിഹിതബന്ധങ്ങൾ സൃഷ്ടിക്കുന്ന കുടുംബ പ്രശ്നങ്ങളെപ്പറ്റി ഒരു കുറിപ്പു പോലും പ്രസിദ്ധീകരിക്കുകയുണ്ടായില്ല. പിന്നെയല്ലേ ഇതിന്റെയൊക്കെ ധാർമികതയെപ്പറ്റി ചർച്ച ചെയ്യുന്നത്! ആധുനിക നാഗരികതയിൽ കുടുംബം പ്രാധാന്യമർഹിക്കുന്ന ഒന്നല്ലാത്തതുകൊണ്ട് ആധുനിക മാധ്യമ സംസ്കാരത്തിലും അതിന് പ്രാധാന്യം ലഭിക്കാത്തത് സ്വാഭാവികമാണ്. എന്നാൽ ഇതേ ബിൽക്ലിന്റന് 1995ൽ ഇങ്ങനെ പ്രസ്താവിക്കേണ്ടിവന്നു: "കുട്ടികൾ വളരുന്ന കുടുംബങ്ങളിൽ പിതാക്കളില്ല എന്നതാണ് സമൂഹം അനുഭവിക്കുന്ന സാമൂഹികപ്രശ്നങ്ങളിൽ ഏറ്റവും വലുത്." യഥാർഥത്തിൽ കുടുംബം തകർന്നതിന്റെ പ്രത്യക്ഷ ലക്ഷണങ്ങളിൽ ഒന്നുമാത്രമായിരുന്നു ഇത്. അക്കാലത്ത് കുടുംബത്തകർച്ചയുണ്ടാക്കുന്ന

ഭൗതിക പ്രത്യാഘാതങ്ങൾ ദൃശ്യമാവാൻ തുടങ്ങിയിരുന്നില്ല. ഇന്നതും വ്യക്തമായിരിക്കുന്നു. ധനശാസ്ത്രജ്ഞർക്ക് നാണയത്തുട്ടുകളെപ്പറ്റി മാത്രമേ അറിയൂ എന്നതിനാൽ അമേരിക്കയുടെ സാമ്പത്തിക-രാഷ്ട്രീയ തകർച്ചയിൽ കുടുംബത്തിനുള്ള പങ്ക് ഗ്രാഹ്യമായിട്ടില്ല. എന്നാൽ അവബോധമുള്ള സാമൂഹികശാസ്ത്രജ്ഞർ ഇപ്പോൾ വികസിതനാടുകൾ നേരിടുന്ന പ്രതിസന്ധികൾക്ക് മുഖ്യ കാരണം കുടുംബങ്ങളുടെ തകർച്ചയാണെന്ന നിഗമനത്തിലേക്ക് നീങ്ങിത്തുടങ്ങിയിട്ടുണ്ട്. ക്ലിന്റൻ അപവാദം തന്നെ ഉദാഹരണമായെടുത്താൽ മാധ്യമസംസ്കാരത്തെപ്പറ്റി മാത്രമല്ല കുടുംബത്തകർച്ചയുടെ പ്രത്യക്ഷ കാരണ-ഫലങ്ങളിലേക്കും അത് വെളിച്ചം (അതോ ഇരുട്ടോ) വീശും.

വിവാദ നായിക ലെവിൻസ്കി കാലിഫോർണിയക്കാരിയാണ് (ജനനം 23 ജൂലൈ 1973). റഷ്യയിൽ നിന്നും കുടിയേറിപ്പാർത്ത ജൂതദമ്പതികളുടെ മകൾ. അഛൻ ഓൺക്കോളജിസ്റ്റായ (കാൻസർ വിദഗ്ധൻ) ഡോ. ബെർണാഡ് ലെവിൻസ്കി. അമ്മ ഗ്രന്ഥകാരിയായ മാർസ്യ ലെവിസ്. പക്ഷേ ശ്രദ്ധേയമായ കാര്യം ഇവർ വിവാഹമോചിതരായിരുന്നു എന്നതാണ്. പിതാക്കളുടെ സാന്നിധ്യമില്ലാതെ വളരുന്ന കുട്ടികൾ വഴിതെറ്റാനുള്ള സാധ്യത കൂടുതലാണെന്ന് നിരവധി പഠനങ്ങളിലൂടെ തെളിഞ്ഞിട്ടുണ്ടെന്നത് ശ്രദ്ധിക്കുക.

കുടുംബം എന്നത് മനുഷ്യന്റെ പ്രകൃതത്തിൽ അടങ്ങിയതല്ലെന്നും ഇടക്കാലത്ത് ആരൊക്കെയോ തല്ലിക്കൂട്ടിയുണ്ടാക്കിയതാണെന്നും സമർഥിച്ചുകൊണ്ട് കമ്യൂണിസ്റ്റ് ആചാര്യനായ എംഗൽസ് ഒരു കൃതിതന്നെ രചിക്കുകയുണ്ടായി. ആധുനിക മുതലാളിത്തത്തിന്റെ കുടുംബസങ്കൽപം തന്നെയാണ് താനും ആവർത്തിക്കുന്നതെന്ന് പാവം എംഗൽസ് അറിഞ്ഞില്ല (ഇന്നത്തെ മാർക്സിസ്റ്റ് ബുദ്ധിജീവികൾക്കും ഇതറിയില്ലെന്നത് മറ്റൊരു യാഥാർഥ്യം). കുടുംബത്തിന്റെ പ്രാധാന്യവും വിശുദ്ധിയും തകർക്കപ്പെട്ടതോടെ ഭാര്യാ-ഭർതൃ ബന്ധങ്ങളും തകരാൻ തുടങ്ങി. ഭാര്യക്ക് ഭർത്താവിനെയോ ഭർത്താവിന് ഭാര്യയെയോ ഒഴിവാക്കുക എളുപ്പമായി. നിസ്സാര കാരണങ്ങളുടെ പേരിൽ മാത്രമല്ല യാതൊരു കാരണവുമില്ലാതെയും അവർ വേർപിരിയാറുണ്ട്. അതുമൂലം ഭാവിയിൽ അവർക്കെന്ത് അനുഭവങ്ങളാണ് ഉണ്ടാവുകയെന്നോ കുട്ടികളുടെ ഭാവി യെന്താകുമെന്നോ അവർ ചിന്തിക്കുന്നേയില്ല. കാരണം മറ്റൊന്നല്ല. ഓരോ വ്യക്തിയും മുൻഗണന നൽകുന്നത് (ആണായാലും പെണ്ണായാലും) സ്വന്തം താൽപര്യങ്ങൾക്ക് മാത്രമാണ്. അതും വെറും ഭൗതിക ലാഭങ്ങൾക്ക്. വ്യക്തിയധിഷ്ഠിതവും ഭൗതികപ്രമത്തവുമായ പാശ്ചാത്യ സംസ്കാരത്തിൽ ഇതെല്ലാം സ്വാഭാവികമാണ്. ഇതിനെ നിയന്ത്രിക്കാവുന്നതോ തടയാവുന്നതോ ആയ യാതൊരു സംവിധാനവും (വിശ്വാസമാകട്ടെ, നിയമമാകട്ടെ) അതിനകത്തില്ല. എന്നുതന്നെയല്ല നിയമങ്ങളും കോടതിവിധികളും ഇവയെല്ലാം പ്രോത്സാഹിപ്പിക്കുന്നതാണു താനും.

1960കളോടെ തകരാൻ തുടങ്ങിയ കുടുംബബന്ധങ്ങളെപ്പറ്റി വൈകിയാണെങ്കിലും 1997 ൽ രാഷ്ട്രീയ നേതൃത്വത്തിന് ബോധമുണ്ടായി എന്നു കരുതാം. ആ വർഷം അമേരിക്കൻ കോൺഗ്രസ് പിതൃത്വപ്രോത്സാഹനത്തിന് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. തൊട്ടടുത്ത വർഷം വിവിധ സ്റ്റേറ്റുകളിലെ ഗവർണർമാരുടെയും മേയർമാരുടെയും സമ്മേളനം സംഘടിപ്പിച്ചു. യുദ്ധവെറിയനായ ജോർജ് ബുഷിനു പോലും പിതാക്കന്മാർക്കിടയിൽ ഉത്തരവാദിത്വമുണ്ടാക്കാനുള്ള പദ്ധതിക്കു വേണ്ടി 3150 ലക്ഷം ഡോളർ ബജറ്റിൽ വകയിരുത്തേണ്ടിവന്നു. അതിനു മുമ്പു തന്നെ, 1990കളിൽ ഒരു സംഘടനയുണ്ടായി- നാഷനൽ ഫാദർഹുഡ് ഇനീഷ്യേറ്റീവ് (എൻ.എഫ്.ഐ). അങ്ങനെ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കുടുംബം തകർക്കാൻ സംഘടനകൾ രൂപീകരിക്കപ്പെട്ട അമേരിക്കയിൽ ഇതേ നൂറ്റാണ്ടിന്റെ അവസാനത്തോടെ കുടുംബത്തെ പുനഃസ്ഥാപിക്കാൻ സംഘടനകൾ രൂപീകൃതമാവുന്നത് കാണാനായി. കുടുംബത്തിന്റെ കാര്യത്തിൽ മാത്രമല്ല എല്ലാ മേഖലകളിലും ഇതായിരുന്നു പാശ്ചാത്യ സമ്പ്രദായം. സർവ മേഖലയിലും ഇക്കാലമത്രയും അവർ അനുവർത്തിച്ച മനുഷ്യ-ദൈവ-മത-പ്രകൃതിവിരുദ്ധ ചെയ്തികൾക്ക് പരിഹാരം തേടിയുള്ള നെട്ടോട്ടത്തിലാണ് അവരിപ്പോൾ. കുടുംബം തകർത്തതുകൊണ്ടാണല്ലോ അതിനെ പുനഃസ്ഥാപിക്കേണ്ട ഗതികേടുണ്ടായത്! എത്രായിരം മനുഷ്യരുടെ അധ്വാനവും ബുദ്ധിയും പണവും തകർക്കാനുള്ള സംരംഭങ്ങളിൽ ചെലവാക്കി. ഇനി, കുടുംബം കെട്ടിപ്പടുക്കാൻ എത്രയോ ചെലവാക്കണം. ഇതാണ് പാശ്ചാത്യർ അധ്വാനശീലരായതിന്റെ യഥാർഥ രഹസ്യം! പൗരസ്ത്യർ ഉദാസീനരായതിന്റെ രഹസ്യവും ഇതുതന്നെ. കാരണം അവരൊന്നിനെയും തകർത്തിട്ടില്ല. അതിനാൽ പുനർനിർമാണവും ആവശ്യമില്ല.

1996-ൽ മേൽ സൂചിപ്പിച്ച സംഘടന (NFI) നടത്തിയ സർവെയിൽ പങ്കെടുത്ത 80 ശതമാനം പേരും ഏറ്റവും ഗുരുതരമായ സാമൂഹികപ്രശ്നമായി കണ്ടത് പിതാക്കളില്ലാതെ വളരുന്ന കുട്ടികളെയാണ്. സമൂഹത്തിൽ നിരവധി പ്രശ്നങ്ങളുണ്ടാകാം. അഴിമതി, മോഷണം, കൊല, കൊള്ള, ബലാത്സംഗം, മയക്കുമരുന്ന്, മദ്യം, മനോരോഗങ്ങൾ... എന്നിങ്ങനെ ഒട്ടേറെ. ഇതിൽ ഏറ്റവും ഗുരുതരമായത് പിതൃത്വമില്ലായ്കയാവുന്നതെങ്ങനെ? പാശ്ചാത്യലോകത്തെ പഴയകാല ബുദ്ധിജീവികൾക്കെന്ന പോലെ നമ്മുടെ നാട്ടിലെ പുത്തൻ ബുദ്ധിജീവികൾക്കും ഇങ്ങനെയൊരു സംശയം തോന്നാം. എന്നാൽ വർഷങ്ങൾക്കു മുമ്പേ അമേരിക്കയിലെ രാഷ്ട്രീയക്കാർക്കു പോലും ഇതിന്റെ കാരണം മനസ്സിലാക്കാനായി എന്നോർക്കുക. അമേരിക്കയിലെ ഏറ്റവും വലിയ സാമൂഹികപ്രശ്നം പിതൃത്വമില്ലായ്കയാണെന്ന് ബിൽക്ലിന്റൻ പറഞ്ഞപ്പോൾ ഇങ്ങനെ കൂടി പറഞ്ഞിരുന്നു: "കാരണം, മറ്റു നിരവധി സാമൂഹിക പ്രശ്നങ്ങൾ ഇതിൽനിന്നാണ് ജനിക്കുന്നത്."

സിൻത്യ ഡാനിയേൽസ് എഡിറ്റു ചെയ്ത ശ്രദ്ധേയമായ ഒരു ഗവേഷണ ഗ്രന്ഥത്തിൽ (Lost Fathers) നിരവധി സാമൂഹിക ശാസ്ത്രജ്ഞരുടെ ഒട്ടേറെ പഠനങ്ങൾ ചർച്ചാവിധേയമാക്കുന്നുണ്ട്. ഏറക്കുറെ എല്ലാ ഗുരുതരമായ സാമൂഹിക രോഗങ്ങളുടെയും ഉൽപത്തി പിതൃരാഹിത്യത്തിൽ എത്തിച്ചേരുന്നതായി അതിൽ

**ലെവിൻസ്കിയുടെ അടിവസ്ത്രത്തെപ്പറ്റിപ്പോലും അന്വേഷണാത്മക റിപ്പോർട്ടുകൾ തുരുതുരാ തയാറാക്കിയ അമേരിക്കൻ പത്രപ്രവർത്തകർ അവിഹിതബന്ധങ്ങൾ സൃഷ്ടിക്കുന്ന കുടുംബ പ്രശ്നങ്ങളെപ്പറ്റി ഒരു കുറിപ്പു പോലും പ്രസിദ്ധീകരിക്കുകയുണ്ടായില്ല. പിന്നെയല്ലേ ഇതിന്റെയൊക്കെ ധാർമികതയെപ്പറ്റി ചർച്ച ചെയ്യുന്നത്! ആധുനിക നാഗരികതയിൽ കുടുംബം പ്രാധാന്യമർഹിക്കുന്ന ഒന്നല്ലാത്തതുകൊണ്ട് ആധുനിക മാധ്യമ സംസ്കാരത്തിലും അതിന് പ്രാധാന്യം ലഭിക്കാത്തത് സ്വാഭാവികമാണ്.**

സ്ഥിരീകരിച്ചിട്ടുണ്ട്. അക്രമം, മയക്കുമരുന്ന്, മദ്യം, ബാലികമാരുടെ ഗർഭധാരണം, ആത്മഹത്യ, ശിശു ജയിൽവാസം, വിദ്യാഭ്യാസ നിലവാരത്തകർച്ച, ബലാത്സംഗം തുടങ്ങിയ നിരവധി സാമൂഹിക രോഗങ്ങൾക്ക് മറ്റേത് കാരണങ്ങളേക്കാളും ബന്ധം പിതൃരാഹിത്യവുമായാണെന്ന് നിരവധി പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്.

പിതൃരാഹിത്യം സാമൂഹിക സംഹാരത്തിന്റെ മുഖ്യസ്രോതസ്സാണെന്ന് ഇന്നത്തെ പാശ്ചാത്യ ഗവേഷകർക്ക് മനസ്സിലായി വരുന്നു എന്നത് ആശ്വാസകരമാണ്. എന്നാൽ ഇത് ഗ്രഹിക്കാൻ ഗവേഷണത്തിന്റെയോ അതിബുദ്ധിയുടെയോ ആവശ്യമില്ല എന്നതാണ് യാഥാർഥ്യം. സാമാന്യബോധമോ വിവേകമോ ഉണ്ടായാൽ മതി. ‘മദ്യം തിന്മകളുടെ മാതാവാണെ’ന്ന നബിവചനത്തിൽ നിന്നും സാമാന്യമായി ഗ്രഹിക്കാവുന്ന കാര്യമാണത്.

മദ്യപാനത്തിലേക്കും മയക്കുമരുന്നിലേക്കും പാശ്ചാത്യ യുവതയെ നയിച്ചതിൽ പിതൃരാഹിത്യത്തിന് വലിയ പങ്കുണ്ടെന്ന് പാശ്ചാത്യ ഗവേഷകർ കണ്ടെത്തുമ്പോൾ എത്ര ഗുരുതരമായ പ്രതിസന്ധികൾക്കാണത് ജന്മം നൽകിയതെന്ന് സങ്കൽപ്പിക്കാൻ പ്രയാസമില്ല. എന്നാൽ മദ്യം സൃഷ്ടിക്കുന്ന ഗുരുതരമായ വ്യക്തി-സാമൂഹിക പ്രത്യാഘാതങ്ങളെപ്പറ്റി പാശ്ചാത്യ പണ്ഡിതന്മാർക്ക് ഇനിയും കാര്യമായൊന്നും മനസ്സിലായിട്ടില്ല എന്ന് അവരുടെ ചർച്ചകളും  നിർദേശങ്ങളും ശ്രദ്ധിച്ചാൽ വ്യക്തമാവും. ‘മദ്യം ആരോഗ്യത്തിന് ഹാനികരം’ എന്ന ലേബൽ പതിച്ച് അതിന്റെ വിൽപനക്ക് അനുവാദം നൽകുന്നു എന്നതിൽ നിന്നും ഇക്കാര്യം മനസ്സിലാക്കാം. ഒന്നുകിൽ ഇത് ശുദ്ധ കാപട്യമാണ്. അല്ലെങ്കിൽ മദ്യത്തെക്കുറിച്ചുള്ള ശുദ്ധ വിവരക്കേടാണ്. ‘ആദ്യം മനുഷ്യൻ മദ്യം കുടിക്കുന്നു, പിന്നീട് മദ്യം മനുഷ്യനെ കുടിക്കുന്നു’ എന്നാണല്ലോ. ഈ നാടൻ പഴമൊഴിയെ പിൽക്കാല ഗവേഷണങ്ങളെല്ലാം സ്ഥിരീകരിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തോടെ മദ്യം കഴിച്ചു തുടങ്ങുന്നയാൾ പിന്നീട് മദ്യത്തിന്റെ അടിമയായിത്തീരുന്നത് അതുകൊണ്ടാണ്. ഒരു പഴമൊഴിയിലെ സാരം പോലും ഗ്രഹിക്കാൻ പാശ്ചാത്യ രാഷ്ട്രങ്ങളിൽ മദ്യമുക്തപദ്ധതികൾ ആവിഷ്കരിക്കുന്ന നയവിദഗ്ധർക്ക് ഇനിയും സാധ്യമായിട്ടില്ലെന്നർഥം.

പ്രതീക്ഷക്ക് വകനൽകുന്ന മറ്റൊരു വിഭാഗം ചിന്തകർ പാശ്ചാത്യലോകത്ത് വളരുന്നുണ്ട്. ഭൗതികവാദ-ശാസ്ത്ര പാരമ്പര്യത്തിൽനിന്നും മനുഷ്യന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവില്ലെന്നും പരമ്പരാഗത മതപ്രബോധനങ്ങളാണ് കൂടുതൽ ഉചിതം എന്നും കരുതുന്നവരാണിവർ. അമേരിക്കയിലെ ബാങ്കുകൾ തകർന്നടിഞ്ഞതോടെ (രണ്ടു മാസങ്ങൾക്കിടയിൽ 19 വൻകിട ബാങ്കുകൾ) ഇത്തരക്കാരുടെ എണ്ണം പെരുകുമെന്നതിൽ സംശയമില്ല. വാൾസ്ട്രീറ്റും അതിന്റെ ആരാധകരായ ധനശാസ്ത്രജ്ഞരും പകച്ചുനിൽക്കുമ്പോൾ ഫ്രാൻസിലെ പ്രമുഖ ധനശാസ്ത്ര പ്രസിദ്ധീകരണമായ Les Journal Des Finances (The Journal of Finance)ന്റെ പത്രാധിപർ ലാസ്കിൻ പലിശ തിരക്സരിക്കാൻ ആഹ്വാനം ചെയ്തത് ഓർക്കുക. ബാങ്കുകളും പലിശയും ഇല്ലാത്തലോകം സങ്കൽപിക്കാൻ പോലും സാധിക്കാത്ത ഇക്കാലത്ത് പല പാശ്ചാത്യ പ്രതിഭകളും ഇങ്ങനെ ചിന്തിക്കാനും പ്രഖ്യാപിക്കാനും തയാറാകുന്നത് ചെറിയ കാര്യമല്ല. പാശ്ചാത്യ വിജ്ഞാനീയത്തിലെ ഏറ്റവും വികസിത ശാഖകളിലൊന്നായ ധനശാസ്ത്രത്തിന്റെ ഗതിയിതാണെങ്കിൽ തീരെ അവികസിതമെന്ന് വിശേഷിപ്പിക്കാവുന്ന കുടുംബവിജ്ഞാനീയങ്ങളുടെ ഭാവി ഊഹിക്കാവുന്നതേയുള്ളൂ. ■